LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് സ്കൂൾ ക്ലാർക്കമാർക്ക് മുൻകാല പ്രാബല്യത്തോടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി

118 (2356) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരുടെ ഗ്രേഡ് പുനഃസ്ഥാപിച്ചുകൊണ്ട് ഇറക്കിയ ഉത്തരവിൽ ആനുകൂല്യം ലഭ്യമാക്കിയത് മുൻകാല പ്രാബല്യമില്ലാതെ, ഉത്തരവിറങ്ങിയ തീയതി മുതലാണ് എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനോമലി പരിഹരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നത് ശമ്പള പരിഷ്കരണ തീയതി മുതൽ ആയതിനാൽ എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കും മുൻകാല പ്രാബല്യത്തോടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ഉത്തരവിന് യഥാക്രമം 1-7-2004, 1-7-2009 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യം നൽകിയിട്ടുള്ളൂ.

(ബി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി, ഇത്തരത്തിൽ ഗ്രേഡ് അനുവദിക്കുമ്പോൾ ഭാവിയിലുണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത മുതലായ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സർക്കാർ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ഇത് സർക്കാരിന്റെ വിവേചനാധികാരമാണ്. ടി ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയങ്ങൾ സാങ്കൽപ്പികമായാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഉത്തരവ് തീയതി മുതൽക്കേ സാമ്പത്തികാനുകൂല്യത്തിന് അർഹത കൈവരുന്നുള്ളൂ. ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതിന് സർക്കാരിന് ഇപ്പോൾ ഉദ്ദേശ്യമില്ല.

നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട വരുമാനം

119 (2357) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട വരുമാനം എത്രയാണ് ;

(ബി) നാളിതുവരെ എത്ര രൂപയാണ് ലഭ്യമായത് ;

(സി) ലക്ഷ്യം കൈവരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട റവന്യൂ വരുമാനം 64842.35 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ഒക്ടോബർ 31 വരെയുള്ള വരുമാനം 30921.58 കോടി രൂപയാണ്.

(സി) ലക്ഷ്യമിട്ട റവന്യൂ വരുമാനം കൈവരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തുവാനും നികുതി-നികുതിയേതര ഇനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനുമുള്ള ശക്തമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മദ്യം, സിഗരറ്റ് എന്നിവയുടെ നികുതി, ഭൂനികുതി, പ്ലാന്റേഷൻ നികുതി, മോട്ടോർ വാഹന നികുതി എന്നിവ പരിഷ്കരിച്ചിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ നിലവിലുള്ള ഫീസ്, സർവ്വീസ് ചാർജ് മുതലായവയുടെ നിരക്കുകൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

പത്താം ശമ്പളകമ്മീഷൻ

120 (T 2358) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിനുള്ള പത്താം ശമ്പള കമ്മീഷനെ നിശ്ചയിച്ചുകൊണ്ടുള്ള മന്ത്രി സഭാ തീരുമാനമെടുത്തതെന്നാണ് ;

(ബി) പത്താം ശമ്പള കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ് ; ഏത് ഉത്തരവുപ്രകാരം എന്ന വ്യക്തമാക്കുമോ ;

(സി) പത്താം ശമ്പള കമ്മീഷന് ഓഫീസ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ് ; ഏത് ഉത്തരവുപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പത്താം ശമ്പള കമ്മീഷനിലേക്ക് ആകെ എത്ര ജീവനക്കാരെ നിയമിക്കുകയുണ്ടായി ;

(ഇ) പത്താം ശമ്പള കമ്മീഷനിലേക്ക് ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ് ; ഏത് ഉത്തരവ് പ്രകാരമാണ് വ്യക്തമാക്കുമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു